**‘മധുരമായ കുട്ടികളേ – പരിധിയില്ലാത്ത സേവനത്തിന വേണ്ടി നിങ്ങളുടെ ബുദ്ധി പ്രവർത്തിക്കണം. ദൂരേനിന്നുകാണുമ്പോൾ തന്നെ തിളങ്ങുന്ന വിധത്തിൽ സൂചിക ളിൽ റേഡിയം വെച്ചിട്ടുള്ള വലിയ ഘടികാരം ഉണ്ടാക്കൂ.**

**ചോദ്യം:–** സേവനത്തിന്റെ ഉന്നതിയ്ക്ക് വേണ്ടി ഏതൊരു യുക്തി രചിക്കണം.?
**ഉത്തരം:–** ആരാണോ മഹാരഥി സമർത്ഥരായ കുട്ടികൾ അവരെ തങ്ങളുടെ സെന്ററുകളിലേക്ക് വിളിക്കണം. മഹാരഥി കുട്ടികൾ നാലുഭാഗത്തും ചുററികറങ്ങുന്നതിലൂടെ സേവനത്തിന്റെ അഭിവൃദ്ധി ഉണ്ടാകും. ഇതിൽ തങ്ങളുടെ മാനം കുറഞ്ഞുപോകുമെന്ന് വിചാരിക്കരുത്. കുട്ടികൾ ഒരിക്കലും ദേഹാഭിമാനത്തിൽ വരരുത്. മഹാരഥികൾക്ക് വളരെയധികം ബഹുമാനം കൊടുക്കണം.

**ഗീതം:–** ഈ സമയം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു......

**ഓം ശാന്തി**. ഘടികാരത്തിന്റെ പേര് കേൾക്കുമ്പോൾ പരിധിയില്ലാത്ത സമയം ഓർമ്മ വന്നു. ഇത് പരിധിയില്ലാത്ത ഘടികാരമാണ്, ഇതിൽ മുഴുവനും ബുദ്ധികൊണ്ട് മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ഇതിലും ചെറിയ സൂചിയും വലിയ സൂചിയും ഉണ്ട്. സെക്കന്റിന്റെ വലിയ സൂചി കറങ്ങികൊണ്ടിരിക്കുന്നു. ഇപ്പോൾ രാത്രി 12 മണിയായി അർത്ഥം രാത്രി പൂർത്തിയായി പിന്നീട് പകൽ ആരംഭിക്കുന്നു. ഈ പരിധിയില്ലാത്ത ഘടികാരം എത്ര വലുതായിരിയ്ക്കണം. അതിലെ സൂചിയിൽ റേഡിയം വെച്ചിരിക്കണം അപ്പോൾ ദൂരെനിന്നേ അതിന്റെ തിളക്കം കാണാൻ കഴിയും. ഘടികാരമാണെങ്കിൽ സ്വയമേ തന്നെ മനസ്സിലാക്കിച്ചുകൊടുക്കും. പുതിയതായി ആരെങ്കിലും വരുന്നുവെങ്കിൽ ഇത് വന്ന് നോക്കും. ബുദ്ധിയും പറയും തീർച്ചയായും സൂചി അവസാനത്തിൽ എത്തിയിരിക്കുന്നു. ആർക്കും മനസ്സിലാക്കുവാൻ കഴിയും വിനാശം സംഭവിക്കുകതന്നെ ചെയ്യും. പിന്നീട് സത്യയുഗത്തിന്റെ ആരംഭം. സത്യയുഗത്തിൽ വളരെ കുറച്ച് ആത്മാക്കളെ ഉള്ളൂ.അപ്പോൾ തീർച്ചയായും എല്ലാ ആത്മാക്കളും തിരിച്ചുപോകും. ചിത്രങ്ങളിലൂടെ മനസ്സിലാക്കികൊടുക്കുക വളരെ സഹജമാണ്. അങ്ങനെയുള്ള ഘടികാരം ആരെങ്കിലും ഉണ്ടാക്കുന്നുവെങ്കിൽ വളരെ പേർ വാങ്ങി വീട്ടിൽ വയ്ക്കും. ഇത് വെച്ച് മനസ്സിലാക്കികൊടുക്കണം. ഇത് കലിയുഗീ ഭ്രഷ്ടാചാരീ ലോകമാണ്. അനേകധർമ്മം ഉണ്ട് വിനാശവും മുന്നിൽ നിൽക്കുന്നു. പ്രകൃതി ദുരന്തവും ഉണ്ടാകും. അപ്പോൾ ഈ ലക്ഷ്മി – നാരായണൻ തുടങ്ങിയവർക്ക് സത്യയുഗത്തിന്റെ ചക്രവർത്തി പദവി എങ്ങനെ ലഭിച്ചു? തീർച്ചയായും ബാബയിലൂടെയാണ് ലഭിച്ചത്. പതിത–പാവനൻ വരുന്നത് തന്നെ പതിത ലോകത്തിൽ, സംഗമത്തിലാണ്. പാവന ലോകത്ത് ബാബയ്ക്ക് വരേണ്ട ആവശ്യമില്ല. ഈ സൃഷ്ടിചക്രം മനസ്സിലാക്കി കൊടുക്കുന്നതിന് ഫസ്റ്റ് ക്ലാസ് ആണ്, ഇത് വളരെ സഹജമായി ആർക്കും മനസ്സിലാക്കി കൊടുക്കുവാൻ കഴിയും. ആർക്കാണോ ധാരാളം പണമുള്ളത് അവർ ആർട്ടിസ്റ്റിന് പെട്ടെന്ന് ഓർഡർ കൊടുത്ത് ഇത് തയ്യാറാക്കണം. സർക്കാർ കാര്യങ്ങൾ ഇങ്ങനെയാണ് നടത്തുക, എന്നാൽ ഇവിടെയാണെങ്കിൽ അങ്ങനെ വിരളമായേ ചെയ്യാറുള്ളൂ. ഏതെങ്കിലും നല്ല ആർട്ടിസ്റ്റ് ചിത്രം തയ്യാറാക്കുന്നുവെങ്കിൽ വളരെ ശോഭിക്കും. ഇന്നത്തെക്കാലത്ത് കലയ്ക്ക് വളരെ ബഹുമാനം ഉണ്ട്. ഡാൻസിന്റെ കലയും വളരെ കാണിക്കുന്നു, മുൻപ് ഇതുപോലെ ഡാൻസ് ഉണ്ടായിരുന്നു എന്ന് ചിന്തിക്കുന്നു. എന്നാൽ അങ്ങനെയൊന്നുമില്ല. അതിനാൽ നല്ല രീതിയിൽ മനുഷ്യർക്ക് മനസ്സിലാകുന്ന രീതിയിൽ ഈ പരിധിയില്ലാത്ത ഘടികാരം പെട്ടെന്ന് തയ്യാറാക്കണം. നന്നായി തിളങ്ങുന്ന നിറമായിരിക്കണം. ഒരു മനുഷ്യനും പതീത – പാവനൻ ആകുവാൻ കഴിയില്ല. മനുഷ്യർ പതിതമാകുമ്പോഴാണ് പാടുന്നത്. പാവനലോകം സ്വർഗ്ഗമാണ്. മനുഷ്യർ മനസ്സിലാകുന്നതേയില്ല കൃഷ്ണൻ തന്നെയാണ് ശ്യാമനും പിന്നീട് സുന്ദരനാകുന്നതും. അതിനാൽ പേരും നൽകിയിരിക്കുന്നു – ശ്യാമസുന്ദരൻ. നമുക്കും ആദ്യം ഇത് അറിയില്ലായിരുന്നു, ഇപ്പോൾ ബുദ്ധിയിൽ ഉണ്ട് തീർച്ചയായും കാമചിതയിൽ ഇരുന്നതിലൂടെയാണ് കറുത്ത് പോയത് അർത്ഥം ആത്മാവ് പതിതമായത്. ഇതും സ്പഷ്ടമായി എഴുതണം. സമ്പത്ത് നൽകുന്നത് പരംപിതാ പരമാത്മാവും ശാപം നൽകുന്നത് രാവണനുമാണ്. എന്നാൽ മനുഷ്യരുടെ ബുദ്ധി പോകുന്നത് ശ്രീരാമന്റെ ഭാഗത്തേയ്ക്ക്, എന്നാൽ രാമൻ പരംപിതാപരമാത്മാവാണ്. ഈ കാര്യങ്ങളെല്ലാം ചിന്തിച്ച് ചിത്രങ്ങൾ തയ്യാറാക്കണം എന്തുകൊണ്ടെന്നാൽ ഇന്നത്തെകാലത്ത് എല്ലാവരും സ്വയത്തെ ഭഗവാൻ എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു. നിങ്ങൾ അറിയുന്നുണ്ട് അച്ഛൻ ഒന്നേയുള്ളൂ. ബാക്കി നമ്മൾ ആത്മാക്കൾ പരംധാമിൽ പരമാത്മാവിനോടൊപ്പം ഇരിക്കും. ആ സമയം ബാബയും ബ്രഹ്മാണ്ഢത്തിന്റെ അധികാരി, നമ്മളും ബ്രഹ്മാണ്ഢത്തിന്റെ അധികാരി. പിന്നീട് ബാബ നമ്മൾ കുട്ടികളെ വിശ്വത്തിന്റെ അധികാരിയാക്കുന്നു. ആര് എത്ര വലിയ രാജാവാകട്ടേ അവർക്ക് ഒരിക്കലും പറയുവാൻ കഴിയില്ല അവർ വിശ്വത്തിന്റെ അധികാരിയാണ് എന്ന്. ബാബ വിശ്വത്തിന്റെ അധികാരിയാക്കുന്നു. അപ്പോൾ അങ്ങനെയുള്ള

മാതാ– പിതാവിൽ എത്ര അർപ്പണമാകണം. ഭഗവാന്റെ ശ്രീമതം പ്രസിദ്ധമാണ്. അതിലൂടെ നടന്ന് നടന്ന് അന്തിമത്തിൽ പൂർണ്ണമായും ശ്രീമതം പാലിക്കണം. ഇപ്പോൾ ശ്രീമതത്തിലൂടെ നടക്കുന്നുവെങ്കിൽ ശ്രേഷ്ഠമാകും, അതിനാൽ എത്ര പരിശ്രമിക്കണം. ഏതുവരെ യജ്ഞം ഉണ്ടോ അതുവരെ പുരുഷാർത്ഥവും നടന്നുകൊണ്ടിരിക്കണം.

ഇത് രുദ്ര ജ്ഞാന യജ്ഞമാണ്. മനുഷ്യരും ശാന്തിക്കുവേണ്ടി രുദ്രയജ്ഞം നടത്തുന്നു. എന്നാൽ അതിലൂടെ ശാന്തിയൊന്നും ലഭിക്കുന്നില്ല. ബാബയുടേത് ഒരേയൊരു യജ്ഞമാണ്, ഇതിൽ മുഴുവൻ ലോകവും സ്വാഹയാകും സെക്കന്റിൽ ജീവൻമുക്തി ലഭിക്കും. അവർ എത്ര യജ്ഞം നടത്തുന്നു, പക്ഷേ പ്രയോജനമൊന്നുമില്ല. നിങ്ങൾ കുട്ടികൾ അഹിംസകരാണ്. പവിത്രമാകാതെ ആർക്കും സ്വർഗ്ഗത്തിൽ പോകുവാൻ കഴിയില്ല, ഇത് അന്തിമ സമയമാണ്. പതിത ലോകം, ഭ്രഷ്ടാചാരി രാവണന്റെ ലോകം, 100% അപവിത്രത, അശാന്തി, ദു:ഖം, രോഗം,...... ഇതെല്ലാം എഴുതണം. സ്വർഗ്ഗത്തിൽ ശ്രേഷ്ഠാചാരി, 100% പവിത്രത–സുഖം–ശാന്തി നിരോഗി. അത് രാവണന്റെ ശാപം, ഇത് ശിവബാബയുടെ സമ്പത്ത് – പൂർണ്ണമായും എഴുതണം. ഭാരതം ഇന്ന സമയം മുതൽ ഇന്ന സമയം വരെ ശ്രേഷ്ഠാചാരിയായിരുന്നു. പിന്നീട് ഇന്ന സമയം മുതൽ ഭ്രഷ്ടാചാരിയായി. എഴുത്ത് അങ്ങനെയുള്ളതായിരിക്കണം കാണുമ്പോൾ തന്നെ മനസ്സിലാകണം. മനസ്സിലാക്കികൊടുക്കുന്നതിലൂടെ ബുദ്ധിയിൽ ലഹരി വർദ്ധിക്കും. ഈ സേവനത്തിൽ മുഴുകുന്നതിലൂടെ അത് പ്രാക്ടീസ് ആയി മാറും. ഗവണ്മെന്റ് ജോലി 8 മണിക്കൂർ ചെയ്യുന്നതുപോലെ ഇതും 8 മണിക്കൂർ ചെയ്യണം. സെന്ററിൽ നിൽക്കുന്നവരിലും നമ്പർവാർ ആണ്. ചിലർക്ക് സേവനത്തിന്റെ വളരെ ലഹരി ഉണ്ട്. അവിടേയും ഇവിടേയും ഓടികൊണ്ടിരിക്കും. ചിലർ ഒരു സ്ഥലത്ത് തന്നെ വിശ്രമത്തോടെ ഇരിക്കും, അവരെ ആൾറൗണ്ടർ എന്ന് പറയില്ല. മഹാരഥികളെ ഒന്നും അറിയുന്നില്ലെങ്കിൽ സേവനവും തണുത്തിരിക്കും. വളരെപേർ തന്റെ അഹങ്കാരത്തിൽ ഇരിക്കുന്നു. നമുക്ക് ബഹുമാനം വേണം, മററാരെങ്കിലും വരുന്നുവെങ്കിൽ നമ്മുടെ ബഹുമാനം കുറഞ്ഞ് പോകും. ഒരിക്കലും ഇങ്ങനെ മനസ്സിലാക്കുന്നില്ല മഹാരഥികൾ സഹായിക്കുമെന്ന്. തന്റെ അഹങ്കാരത്തിൽ ഇരിക്കുന്നു. അങ്ങനേയും ബുദ്ധുക്കൾ ഉണ്ട്. ബാബ പറയുന്നു സത്യമായ ഹൃദയത്തിലാണ് പ്രഭു സന്തുഷ്ടനാകുന്നത്. ബാബയുടെ അടുത്ത് എല്ലാ വാർത്തയും വരുന്നുണ്ടല്ലോ. ബാബ ഓരോരുത്തരുടേയും നാഡി അറിയുന്നുണ്ട്. ഈ ബ്രഹ്മാബാബയും അനുഭവിയാണ്.

ഈ സൃഷ്ടിചക്രത്തിന്റെ അറിവ് വളരെ നല്ലതാണ്. ഈ അറിവ് നിങ്ങളിൽ നിന്ന് വരുമ്പോൾ നിങ്ങളുടെ സേവനം വളരെ തീവ്രഗതിയിലാകും. ഇപ്പോൾ ഉറുമ്പരിക്കുന്നതുപോലെയുള്ള സേവനമാണ് നടക്കുന്നത്. തന്റെ തന്നെ ദേഹാഭിമാനത്തിൽ ഇരിക്കുന്നത് കാരണം ബുദ്ധി പ്രവർത്തിക്കുന്നില്ല. ഇപ്പോൾ തീവ്രഗതിയിലുള്ള സേവനമാണ് ആവശ്യം. എന്തെല്ലാം ഉണ്ടാക്കണം– ഇതിൽ സേവാധാരി കുട്ടികളുടെ ബുദ്ധി പ്രവർത്തിച്ചു കൊണ്ടിരിക്കും. ചിത്രങ്ങളിലൂടെ മനസ്സിലാക്കി കൊടുക്കുക വളരെ സഹജമാണ്. ഇപ്പോൾ കലിയുഗമാണ്, സത്യയുഗം സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ബാബ എല്ലാവരേയും തിരിച്ചുകൊണ്ടുപോകും. അവിടെ സുഖം, ഇവിടെ ദു:ഖം. എല്ലാവരും പതിതർ. പതിത മനുഷ്യൻ ആർക്കും മുക്തി – ജീവൻമുക്തി നൽകുവാൻ കഴിയില്ല. ഇവരെല്ലാം ഭക്തിമാർഗ്ഗത്തിലെ കാര്യങ്ങൾ പഠിപ്പിക്കുന്നവരാണ്. എല്ലാവരും ഭക്തിമാർഗ്ഗത്തിലെ ഗുരുക്കന്മാരാണ്. ജ്ഞാനമാർഗ്ഗത്തിലെ ഗുരു ആരും തന്നെയില്ല. ഇവിടെ എത്രമാത്രം പരിശ്രമിക്കേണ്ടിയിരിക്കുന്നു. ഭാരതത്തെ സ്വർഗ്ഗമാക്കുന്നത് ഇന്ദ്രജാലത്തിന്റെ കളിയാണല്ലോ, അതിനാൽ ബാബയെ മാന്ത്രികൻ എന്നും പറയുന്നു. കൃഷ്ണനെ ഒരിക്കലും മജീഷ്യനെന്ന് പറയില്ല. കൃഷ്ണനെ ശ്യാമനിൽ നിന്ന് സുന്ദരനാക്കുന്നതും ഒരേയൊരു ബാബയാണ്. മനസ്സിലാക്കികൊടുക്കുവാൻ വളരെ ലഹരി വേണം. സേവനത്തിന് പുറത്തും പോകണം. പാവപ്പെട്ടവർ നല്ല രീതിയിൽ മനസ്സിലാക്കും. പണക്കാരുടെ കാര്യത്തിൽ പ്രതീക്ഷ കുറവാണ്. 100 – പാവപ്പെട്ടവർ വരുമ്പോൾ ഒന്നോ രണ്ടോ സമ്പന്നർ, അഞ്ചോ ഏഴോ സാധാരണക്കർ വരും. ഇതിങ്ങനെ നടക്കുന്നു. ഇത്രയും ധനത്തിന്റെ ആവശ്യവുമില്ല. ഗവൺമെന്റിനെ നോക്കൂ എത്ര ആയുധമാണ് ഉണ്ടാക്കുന്നത്, രണ്ട് പേരും മനസ്സിലാക്കുന്നു വിനാശം സംഭവിക്കും, നമുക്ക് നാശം ഉണ്ടാകും, അപ്പോൾ ആര് വേട്ടക്കാരനാകും? കഥയും ഉണ്ടല്ലോ രണ്ട് പൂച്ചകൾ വെണ്ണയ്ക്കു വേണ്ടി യുദ്ധം ചെയ്തു, പക്ഷേ വെണ്ണ മദ്ധ്യത്തിലുള്ള കുരങ്ങിന് ലഭിച്ചു. കൃഷ്ണന്റെ വായിലും വെണ്ണ കാണിക്കുന്നു. പക്ഷേ ഇത് സ്വർഗ്ഗമാകുന്ന വെണ്ണയാണ്. ഈ കാര്യങ്ങൾ വളരെ ബുദ്ധിമുട്ടിയാണ് പലരും മനസ്സിലാക്കുന്നത്. ഇവിടെ 20–25 വർഷമായവരുപോലും ഒന്നും മനസ്സിലാക്കുന്നില്ല. ബാബയുടെ ഭട്ടിയിലും എത്ര പേർ വന്നു– അതിൽ എത്രപേർ തിരികെ പോയി, എത്രപേർ മുങ്ങിപോയി. ഡ്രാമയിൽ കല്പം മുൻപും അങ്ങനെയായിരുന്നു. ഇപ്പോഴും അങ്ങനെതന്നെ സംഭവിച്ചുകൊണ്ടിരിക്കും. എത്ര വലിയ ചിത്രം തയ്യാറാക്കുന്നുവോ അത്രയും സഹജമായി മനസ്സിലാക്കികൊടുക്കുവാൻ കഴിയും. ലക്ഷ്മി – നാരായണന്റെ ചിത്രവും തീർച്ചയായും വേണം. വൃക്ഷത്തിന്റെ ചിത്രത്തിലൂടെ മനസ്സിലാക്കുവാൻ കഴിയും ഭക്തി മാർഗ്ഗം എപ്പോൾ ആരംഭിച്ചു. ബ്രഹ്മാവിന്റെ രാത്രി രണ്ട് യുഗം, ബ്രഹ്മാവിന്റെ പകൽ രണ്ട് യുഗം. മനുഷ്യർ ഇത്

മനസ്സിലാകുന്നതേയില്ല. പിന്നീട് പറയുന്ന ബ്രഹ്മാവ് സൂക്ഷ്മ വതനത്തിലാണ്. പക്ഷേ പ്രജാപിതാ ബ്രഹ്മാവ് ഇവിടെയാണ്, ഒരു പുരാണങ്ങളിൽ പോലും ഇല്ലാത്ത രഹസ്യമാണിത്. മനുഷ്യരാണെങ്കിൽ തലതിരിഞ്ഞ ചിത്രം നോക്കുന്നു, തെററായ ജ്ഞാനം കേൾക്കുന്നു. ബ്രഹ്മാവിന് പോലും എത്ര കൈകളാണ് കാണിക്കുന്നത്. ഈ പുരാണങ്ങളെല്ലാം ഭക്തിയിലെ വസ്തുക്കളാണ്. ഇത് എപ്പോൾ മുതൽ ആരംഭിച്ചുവെന്ന് ലോകത്തിനറിയില്ല. മനുഷ്യർ എത്ര ഭക്തി ചെയ്യുന്നു. മനസ്സിലാക്കുന്ന ഭക്തിയില്ലാതെ ഭഗവാനെ ലഭിക്കില്ല. പക്ഷേ പൂർണ്ണമായും ദുർഗ്ഗതിയിൽ എത്തുമ്പോൾ മാത്രമേ സത്ഗതിയ്ക്കുവേണ്ടി ഭഗവാനെ ലഭിക്കുകയുള്ളൂ. ഈ കണക്ക് നിങ്ങൾ അറിയുന്നു. ഭക്തി ആരംഭിച്ചിട്ട് അരകല്പമായി. ബാബ പറയുന്നു – ഈ വേദം, ഉപനിഷത്ത്, യജ്ഞം, തപസ്സ് ഇവയെല്ലാം ഭക്തിമാർഗ്ഗമാണ്. ഇതെല്ലാം ഇല്ലാതാകും. എല്ലാവരും കറുത്ത് പോകുമ്പോൾ വെളുത്തവരാക്കുവാൻ വീണ്ടും ബാബ വരും. ബാബ പറയുന്നു ബാബ കല്പ – കല്പം സംഗമ യുഗത്തിൽ വരുന്നു, യുഗേ യുഗേ അല്ല. കാണിക്കുന്ന മൽസ്യാവതാരം, കൂർമ്മാവതാരം, പരശുരാമാവതാരം ... ഇതെല്ലാം ഭഗവാന്റെ അവതാരമാണെങ്കിൽ പിന്നീട് കല്ലിലും, മുള്ളിലും ഭഗവാൻ എങ്ങനെ ഉണ്ടാകും. മനുഷ്യർ എത്ര അറിവില്ലാത്തവരായി. ബാബ എത്ര അറിവുള്ളവരാക്കി. പരംപിതാ പരമാത്മാവിന്റെ മഹിമയും പാടുന്നു – ജ്ഞാനസാഗരൻ, പവിത്രതയുടെ സാഗരൻ. കൃഷ്ണന് ഈ മഹിമ പാടുന്നില്ല. കൃഷ്ണന്റെ ഭക്തർ കൃഷ്ണൻ സർവ്വവ്യാപിയെന്ന് പറയുന്നു. എത്രമാത്രം കുടുങ്ങികിടക്കുന്നു. അതിൽ നിന്നും പുറത്ത് കൊണ്ടുവന്ന് ബാബയുടെ പരിചയം നൽകണം അതായത് എല്ലാവരും സഹോദര – സഹോദരനാണ്, അല്ലാതെ എല്ലാവരും അച്ഛനാകില്ല, എങ്കിൽ ആരെ ഓർമ്മിക്കും? ഗോഡ് ഫാദറെ കുട്ടികൾ ഓർമ്മിക്കുന്നു, ഇത് മനസ്സിലാക്കികൊടുക്കുന്നതിന് പരിധിയില്ലാത്ത ബുദ്ധി വേണം. പക്ഷേ കുട്ടികളുടെ ബുദ്ധി പരിധിയുള്ളതിൽ കുടുങ്ങി കിടക്കുന്നു. ഒരു സ്ഥലത്ത് തന്നെ ഇരിക്കുന്നു. നല്ല വ്യാപാരി വലിയ-വലിയ ശാഖകൾ തുറക്കുന്നു. ആര് എത്ര സെന്റർ തുറക്കുന്നുവോ ആ മാനേജർ വളരെ നല്ലതാണ്. പിന്നീട് മുഴുവൻ ആധാരവും സെന്ററിനാണ്. ഇത് അവിനാശി ജ്ഞാനസാഗരന്റെ അവിനാശി ജ്ഞാന രത്നങ്ങളുടെ കടയാണ്. കൃഷ്ണനിൽ ഈ ജ്ഞാനം ഇല്ല, ആ സമയം യുദ്ധവും ഉണ്ടായിരുന്നില്ല. പോയിന്റ് വളരെ ഉണ്ട് അത് ധാരണ ചെയ്ത് മനസ്സിലാക്കികൊടുക്കണം. സഭയിൽ ചിത്രം വെയ്ക്കൂ അപ്പോൾ എല്ലാവരും കാണും. സൃഷ്ടി ചക്രത്തിന്റെ ചിത്രം വളരെ നല്ലതാണ്. ഈ ചക്രത്തെ അറിയുന്നതിലൂടെ ചക്രവർത്തിയാകും. സ്വദർശനചക്രധാരിയാകണം. സൃഷ്ടിചക്രം മനസ്സിലാക്കികൊടുക്കുക വളരെ സഹജമാണ്. എത്ര പഴയ കുട്ടികളാണ് സ്വയത്തെ എല്ലാം അറിയുന്നവർ എന്ന് മനസ്സിലാക്കി വ്യർത്ഥ സന്തോഷത്തിൽ ഇരിക്കുന്നു, അല്പംപോലും യോഗ്യതയുള്ളവരാകുന്നില്ല. സേവനം ചെയ്യുന്നില്ലായെങ്കിൽ ഇവർ ദാനിയാണെന്ന് ആര് മനസ്സിലാക്കും. ദാനം ചെയ്യുന്നതും സ്വർണ്ണനാണയങ്ങൾ ആയിരിക്കണം അല്ലാതെ ചില്ലികാശ് ആണോ? ഈ ചിത്രങ്ങൾ അന്ധൻമാരുടെ മുന്നിലെ കണ്ണാടിയാണ്. കണ്ണാടിയിൽ തന്റെ മുഖം കാണാം. ആദ്യം കുരങ്ങ് മുഖമായിരുന്നു, ഇപ്പോൾ ദേവതാ മുഖമായി. ക്ഷേത്രത്തിൽ ഇരിക്കുവാൻ യോഗ്യരാകുന്നതിന്റെ പുരുഷാർത്ഥം ചെയ്യണം. ഇത് പതീത ലോകമാണ്, ശിവബാബ പാവന ലോകം സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ശ്രീമതത്തിലൂടെ നടക്കുന്നില്ലായെങ്കിൽ ബുദ്ധിയിൽ ഒരിക്കലും ധാരണയാകില്ല. ദിനം പ്രതി നിങ്ങൾക്ക് ഗുഹ്യ ജ്ഞാനം ബാബ കേൾപ്പിക്കുന്നു, അപ്പോൾ തീർച്ചയായും ജ്ഞാനത്തിന്റെ വൃദ്ധി ഉണ്ടാകും.

എട്ട് ചക്രവർത്തി എങ്ങനെ ഉണ്ടാകും? ചിലർ ഇങ്ങനെയുള്ള ചോദ്യം ചോദിക്കുന്നു. ഈ കണക്കിലൂടെ ഇത്രയും ചക്രവർത്തിമാർ വേണം. ബാബ ചോദിക്കുന്നു എന്തിന് നിങ്ങൾ ഈ കാര്യങ്ങളിലേയ്ക്ക് പോകണം.? ആദ്യം ബാബയേയും ബാബയുടെ സമ്പത്തിനേയും ഓർമ്മിക്കൂ. അവിടുത്തെ സമ്പ്രദായം എന്താണോ അത് നടക്കും. കുട്ടികൾ ഏത് രീതിയിലാണോ ജന്മം എടുക്കുന്നത് ആ രീതിയിൽ ജന്മം എടുക്കും. നിങ്ങൾ എന്തിന് ഇങ്ങനെയുള്ള കാര്യങ്ങളിൽ പോകണം? വികാരത്തിന്റെ കാര്യങ്ങൾ എന്തിന് സംസാരിക്കണം? ഈ ചിത്രങ്ങൾ ആർക്ക് സമ്മാനമായി നൽകുന്നതും വളരെ നല്ലതാണ്. ഇത് ഈശ്വരീയ സമ്മാനമാണ്. അങ്ങനെയുള്ള ഈശ്വരീയ സമ്മാനം ആർക്കും നൽകുവാൻ കഴിയില്ല. ക്രിസ്ത്യൻസ് മററാരുടേയും പുസ്തകം വാങ്ങാറില്ല, അവർക്ക് അവരുടെ ധർമ്മത്തിൽ അത്രമാത്രം ലഹരിയുണ്ട്. ബാബ പറയുന്നു ദേവതാ ധർമ്മം ഏററവും ഉയർന്നതാണ്. പക്ഷേ അവർ മനസ്സിലാക്കുന്നു നമുക്ക് ഈ ക്രിസ്ത്യൻസിൽ നിന്നും വളരെ ധനം ലഭിക്കുന്നു. പക്ഷേ ഇത് ജ്ഞാനത്തിന്റെ കാര്യമാണ്. ആരാണോ ജ്ഞാനം എടുക്കുന്നത് അവർ ബാബയിൽ നിന്ന് സമ്പത്തും നേടുന്നു. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യ സാരം:-**

1) വിശ്വത്തിന്റെ അധികാരിയാക്കുന്ന മാതാ-പിതാവിൽ ഹൃദയം കൊണ്ട് അർപ്പണമാകണം.ബാബയുടെ ശ്രീമതത്തിലൂടെ നല്ല രീതിയിൽ നടന്ന് ശ്രേഷ്ഠമാകണം.

2) തന്റെ ഹൃദയം സദാ സത്യമായിരിക്കണം. അഹങ്കാരത്തിൽ വരരുത്. ജ്ഞാന ദാനം ചെയ്യണം. ജ്ഞാനം ദാനം ചെയ്യുന്നതിൽ  മഹാരഥിയാകണം. 8 മണിക്കൂർ ഈശ്വരീയ സേവനം തീർച്ചയായും ചെയ്യണം.

**വരദാനം:- സർവ്വ പ്രാപ്തികളുടേയും അനുഭൂതിയിലൂടെ മായക്ക് വിട നൽകി ആശംസ നേടുന്ന ഭാഗ്യശാലി ആത്മാവായി ഭവിക്കൂ**

ആരുടെ കൂട്ടുകാരനാണോ സർവ്വശക്തിവാനായ ബാബ, അവർക്ക് സദാ തന്നെ സർവ്വ പ്രാപ്തികളുമുണ്ട്. അവരുടെ മുന്നിൽ ഒരിക്കലും ഒരു പ്രകാരത്തിലുമുള്ള മായക്കും വരാൻ സാധിക്കില്ല. ആരാണോ പ്രാപ്തികളുടെ അനുഭൂതിയിൽ കഴിഞ്ഞ് മായക്ക് വിട നൽകുന്നത് അവർക്ക് ബാപ്ദാദയിലൂടെ ഓരോ ചുവടിലും ആശംസ ലഭിക്കുന്നു. അതുകൊണ്ട് സദാ ഈ സ്മൃതിയിൽ കഴിയൂ സ്വയം ഭഗവാൻ നമ്മൾ ആത്മാക്കൾക്ക് ആശംസ നൽകുന്നു, ചിന്തിക്ക പോലും ചെയ്യാത്തത് നേടി, ബാബയെ നേടി സർവ്വതും നേടി ഇങ്ങനെയുള്ള ഭാഗ്യശാലി ആത്മാവാണ്.

**സ്ലോഗൻ:- സ്വചിന്തനവും പ്രഭുചിന്തനവും ചെയ്യൂ എങ്കിൽ വ്യർത്ഥ ചിന്തനം സ്വതവേ സമാപ്തമാകും.**